പരാതി രേഖപ്പെടുത്തുന്നതിനും പരാതി പരിഹാര നടപടികൾ നിരീക്ഷിക്കുന്നതിനും ആപ്ലിക്കേഷൻ (ഗ്രീവൻസ് റിഡ്രസ്സൽ മൊഡ്യൂൾ) സിവിൽ സപ്ലൈസ് വകുപ്പ് വികസിപ്പിച്ചത് പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിപ്പിച്ചുവരുന്നു. പദ്ധതിയുടെ സിസ്റ്റം ഇൻഗ്രേറ്ററായി കെൽട്രോണിനെ നിയമിച്ചിട്ടുണ്ട്.

ഓരോ ഗുണഭോക്താവിനേയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ അളവിൽ റേഷൻ വിതരണം നടത്തുന്നതിനും റേഷൻ കടകളിൽ എത്തുന്ന സ്റ്റോക്ക് സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിനും വാങ്ങിയ റേഷൻ സാധനങ്ങളുടെ ബിൽ തയ്യാറാക്കുന്നതിനും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നു.

(ബി) പൈലറ്റ് പദ്ധതിയുടെ നടത്തിപ്പ് വിജയകരമായി നടന്നുവരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ മോഡൽ പൈലറ്റിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴിയോ OTP ആതന്റിക്കേഷൻ വഴിയോ കാർഡുടമയെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 5 വെണ്ടർമാരാണ് ഇതിൽ പങ്കെടുത്തിട്ടുള്ളത്. ബയോമെട്രിക് സംവിധാനം വഴിയോ OTP വഴിയോ ഗുണഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുക, ബിൽ തയ്യാറാക്കുക, ഗുണഭോക്തൃ വിഹിതം പ്രദർശിപ്പിക്കുക, സ്റ്റോക്ക് അപ്ഡേറ്റ് ചെയ്യുക, പോർട്ടൽ മുഖേന തത്സമയ സ്റ്റോക്ക് കാണിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

1-4-2016-മുതൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണ തോതിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

വിജിലൻസ് കമ്മിറ്റി സംവിധാനം

8 (*249) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വിജിലൻസ് കമ്മിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അത്തരം സമിതികളുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കമ്മിറ്റികൾക്ക് ഏല്പിച്ചു നല്കിയിട്ടുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണെന്നും ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനം പൊതുവിതരണ സംവിധാനത്തിന് എന്തെല്ലാം സേവനങ്ങൾ നല്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ ആണ് രൂപീകരിച്ചിട്ടുള്ളത്. ജില്ല/താലൂക്ക്/പഞ്ചായത്ത് തലത്തിലാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ജില്ലാതല സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടറും താലൂക്ക്തല സമിതിയുടെ ചെയർമാൻ എം.പി./എം.എൽ.എ./മേയർ/മുനിസിപ്പൽ ചെയർമാൻ എന്നിവരിൽ ആരെങ്കിലും പഞ്ചായത്ത് തല സമിതിയുടെ ചെയർമാൻ അതാത് പഞ്ചായത്ത് പ്രസിഡന്റും ആണ്.

സമിതിയുടെ ഘടന അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുവിതരണ സമ്പ്രദായം കാര്യക്ഷമതയോടും കുറ്റമറ്റരീതിയിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും കൂടാതെ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട റേഷൻ കൃത്യമായ അളവിലും വിലയിലും ഗ്രണനിലവാരത്തിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് കമ്മിറ്റിയുടെ ചുമതലകളിലും ഉത്തരവാദിത്വത്തിലും ഉൾപ്പെട്ടതാണ്.

ടി കമ്മിറ്റി എല്ലാ ജില്ലകളിലും കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതും കമ്മിറ്റികളിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതുമാണ്. ഗ്രണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക, വ്യാപാര സ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക, കേടായ ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക, വില വിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയാണ് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർ, ലീഗൽ മെട്രോളജി ഇൻസ്പക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ, ഫുഡ് സേഫ്റ്റി ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവർ ചേർന്നുള്ള സ്ക്വാഡ് വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കേസെടുത്ത് പിഴ ചുമത്തുകയും ചെയ്തുവരുന്നു.

പുരാതന രേഖകൾ കേടുകൂടാതെ സൂക്ഷിക്കാൻ കർമ്മ പദ്ധതി

9 (*250) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിൽ പുരാതന രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) പുരാതന സർവ്വേ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഇ-രേഖ എന്ന പേരിൽ ഒരു റെക്കോഡ് കൺസർവേഷൻ പദ്ധതി സർവ്വേയും ഭൂരേഖയും വകുപ്പിനുകീഴിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന നടപ്പാക്കിവരുന്നു.

(ബി) ഇ-രേഖ പദ്ധതി പ്രകാരം സർവ്വേ സംബന്ധമായ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനും, സംരക്ഷിക്കപ്പെട്ട റിക്കോഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ് സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വേ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(സി) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-മത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കോർഡുകൾ ഭൗതികമായി

LIBRARY ARCHIVES Kerala Legislative Assembly